പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 379 12.06.2012-ൽ മറുപടിയ്ക്ക്

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന.

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ്കുമാർ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) നിലവിലുള്ളത് ; | (എ) | സംസ്ഥാനത്ത് രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ പദ്ധതി പ്രകാരം കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ വൈദ്യുതീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിൻെറ അനുമതി ലഭിച്ചു. പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പദ്ധതി പ്രവൃത്തികൾ ടേൺകീ വ്യവസ്ഥ ഒഴിവാക്കി ബോർഡ് നേരിട്ട് നടപ്പിലാക്കുന്നതിനുള്ള അനുമതിക്കായി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാനാവും. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും ജില്ലാ തല വിശദാംശം ലഭ്യമാക്കുമോ ; | (ബി) | സാമ്പത്തിക വർഷം 2010-11ൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 31.8948 കോടി രൂപ ലഭിച്ചു. സാമ്പത്തിക വർഷം 2011-12 ൽ ഫണ്ട് ലഭിച്ചിട്ടില്ല. 22.9378 കോടി രൂപ മേൽപ്പറഞ്ഞ പദ്ധതികൾക്ക് വേണ്ടി സാമ്പത്തിക വർഷം 2011-12 ൽ ചിലവായി. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ലയുടെ പേര് | ലഭിച്ച തുക (ലക്ഷം രൂപ) | ചിലവായ തുക (ലക്ഷം രൂപ) |
|---|---|---|---|
| 1. | കാസർഗോഡ് | 456.664 | 352.0032 |
| 2. | കണ്ണൂർ | 614.018 | 511.6299 |
| 3. | കോഴിക്കോട് | 560.324 | 348.3267 |
| 4. | വയനാട് | 453.855 | 328.5854 |
| 5. | പാലക്കാട് | 439.877 | 346.806 |
| 6. | മലപ്പുറം | 664.743 | 406.43 |
| | ആകെ | 3189.481 | 2293.783 |

(സി) നടപ്പു വർഷം പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ താലൂക്ക്തല വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) നടപ്പുവർഷം പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | താലൂക്ക് | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 11 കെ.വി ലൈൻ നിർമ്മാണം | എൽ.റ്റി ലൈൻ നിർമ്മാണം | ബി.പി.എൽ കണക്ഷൻ |
|---|---|---|---|---|---|
| 1. | മാനന്തവാടി | 53 | 60.02 കി.മീ | 102.68 കി.മീ | 3547 |
| 2. | സുൽത്താൻ ബത്തേരി | 57 | 52.14 കി.മീ | 99.84 കി.മീ | 3402 |
| 3. | വൈത്തിരി | 45 | 53 കി.മീ | 97.32 കിമീ | 2948 |

സെക്ഷൻ ഓഫീസർ.